# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.477 | 29.06.2011-ൽ മറുപടിയ്ക്ക് |
|---|---|

### മഴക്കാല രോഗങ്ങളുടെ വ്യാപനം തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ മുല്ലക്കര രത്നാകരൻ | | ശ്രീ . അടൂർ പ്രകാശ് (ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) | |
| എ) | കേരളത്തിൽ മഴക്കാല രോഗങ്ങൾ മൂലം എത്ര മരണങ്ങൾ ഇതിനകം റിപ്പോർട്ട്ചെയ്യപ്പെട്ടുവെന്നറിയറിയിക്കുമോ? | എ) | കേരളത്തിൽ മഴക്കാലരോഗങ്ങൾ മൂലം 6 മരണങ്ങൾ ജൂൺ മാസത്തിൽ 24-ാം തീയതി വരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| ബി) | ഡങ്കിപ്പനി , എലിപ്പനി , ജപ്പാൻജ്വരം , ചിക്കൻഗുനിയ എന്നീ രോഗങ്ങൾ വ്യാപിക്കാതിരിക്കുവാൻ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | ബി) | ഡങ്കിപ്പനി, എലിപ്പനി , ജപ്പാൻജ്വരം, ചിക്കൻഗുനിയ എന്നീരോഗങ്ങൾ വ്യാപിക്കാതിരിക്കുവാൻ സംസ്ഥാന തലത്തിലും ജില്ലാതലങ്ങളിലും പഞ്ചായത്ത് തലങ്ങളിലുംവിവിധ വകുപ്പുക ളുടെയും ആരോഗ്യ പ്രവർത്ത കരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനനേതാക്കളുടെയും പങ്കാളിത്തത്തോടെ പരിസരശുചീകരണം ഫല പ്രദമായി നടത്തിവരുന്നു. അതോടൊപ്പം മാലിന്യ നിർമാർജ്ജനം കൊതുകു കൂത്താടി ഉറവിട നശീകരണം, ഓട വൃത്തിയാക്കൽ, ;ആരോഗ്യ ബോധവൽക്കരണം എന്നിവ നടത്തിവരുന്നു. ഇതോടൊപ്പം രോഗമുള്ളവരെ തുടക്കത്തിലെ കണ്ടുപിടിക്കുന്നതിനും ആവശ്യമായ ചികിത്സ നല്കുന്നതിനും വേണ്ട സംവിധാനങ്ങൾ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇത്തരത്തിലുള്ള രോഗങ്ങൾമൂലം മരണം സംഭവിക്കുന്നവരുടെ കുടുംബത്തെ സഹായിക്കുന്നതിന് ആവശ്യമായ സമാശ്വാസ സഹായ നടപടികൾ കൈക്കൊള്ളുമോ? | സി) | പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ